**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2763** | **13-12-2022 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തിലെ വ്യവസായ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പെരുമ്പാവൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | (എ) & (ബി)<br><br>പെരുമ്പാവൂർ മണ്ഡലത്തിൽ, ട്രാവൻകൂർ റയോൺസിന്റെ കൈവശമുള്ള 30 ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കിൻഫ്ര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഭൂമിയിൽ ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹാർദ്ദ വ്യവസായങ്ങൾക്കുള്ള പദ്ധതിയാണ് കിൻഫ്ര വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പെരുമ്പാവൂർ-വല്ലം ട്രാവൻകൂർ റയോൺസിൽ പുതുതായി നടപ്പിലാക്കാൻ പോകുന്ന വ്യവസായങ്ങൾ ഏതൊക്കെയാണ് വ്യക്തമാക്കാമോ; ഇവ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | (ബി) | (എ) & (ബി)<br><br>പെരുമ്പാവൂർ മണ്ഡലത്തിൽ, ട്രാവൻകൂർ റയോൺസിന്റെ കൈവശമുള്ള 30 ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കിൻഫ്ര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഭൂമിയിൽ ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹാർദ്ദ വ്യവസായങ്ങൾക്കുള്ള പദ്ധതിയാണ് കിൻഫ്ര വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ